# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2511** — **27.01.2014-ൽ** മറുപടിക്ക്

## '<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>'

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. തോമസ് പാണ്ടി<br>ശ്രീ. എ.കെ.ശശീന്ദ്രൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) ആരോഗ്യ മേഖലയിൽ ഓരോ വകുപ്പിന്റെ കീഴിലും നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ ചേർക്കുന്നു. |

1. **<u>ആരോഗ്യ സേവന വകുപ്പ്</u>**
   i. നാഷണൽ ലെപ്രസി ഇറാഡിക്കേഷൻ പ്രോഗ്രാം
   ii. നാഷണൽ ബ്ലൈന്റ്നസ് കൺട്രോൾ പ്രോഗ്രാം
   iii. അയഡിൻ ഡെഫിഷ്യൻസി ഡിസോർഡേഴ്സ് കൺട്രോൾ പ്രോഗ്രാം
   iv. എൻ.എ.സി.പി. ട്രെയിനിംഗ് പ്രോഗ്രാം
   v. റിവൈസ്ഡ് നാഷണൽ ടി.ബി.കൺട്രോൾ പ്രോഗ്രാം
2. **<u>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്</u>**
   i. പി.എം.എസ്.എസ്.വൈ പദ്ധതിയിൽ കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകളുടെ വികസനം
   ii. 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡിൽ ഉൾപ്പെട്ട ജീറിയാട്രിക് കെയർ, ട്രോമാ കെയർ, ഡയഗ്നോസ്റ്റിക് സർവീസസ്, മാലിന്യ സംസ്കരണം എന്നിവയുടെ നടപ്പിലാക്കൽ
   iii. റസിഡൻസിനുള്ള ക്വാർട്ടേഴ്സുകൾ

iv. ഓങ്കോളജി & ടേർഷ്യറി കെയർ
v. മൾട്ടി ഓർഗൻ ഡിസീസസ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ
vi. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം

3. **ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്**

i. 13-ാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ 14 കോടി രൂപ ചെലവിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് & ജീറിയാട്രിക് കെയർ സജ്ജമാക്കുന്നു.

4. **എൻ.ആർ.എച്ച്.എം.**

i. എൻ.ആർ.എച്ച്.എം. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്.

5. **ഹോമിയോപ്പതി വകുപ്പ്**

i. എൻ.ആർ.എച്ച്.എം.ന് കീഴിൽ ആയുഷ് ആശുപത്രികൾ / ഡിസ്പെൻസറികൾ എന്നിവയുടെ നവീകരണത്തിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

6. **പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ**

i. ഹോമിയോ മെഡിക്കൽ കോളേജിന് കീഴിൽ തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജിന് ഫാർമസി കോളേജ് പണിയുന്നതിനും കോഴിക്കോട് ഹോമിയോ കോളേജിന് അഡീഷണൽ ബ്ലോക്ക് പണിയുന്നതിനും അധിക കേന്ദ്ര സഹായമായി യഥാക്രമം 100 ലക്ഷം, 200 ലക്ഷം രൂപ വീതം ലഭിക്കുകയുണ്ടായി.

7. **ഭാരതീയ ചികിത്സാ വകുപ്പ്**

i. റിനോവേഷൻ ഓഫ് ഹോസ്പിറ്റൽസ്
ii. സപ്ലൈ ഓഫ് എസ്സൻഷ്യൽ ഡ്രഗ്സ്

8. **<u>ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്</u>**

i. **ആയുർവേദ** മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഗവ. ആയുർവേദ കോളേജ് കെട്ടിടത്തിന് അധിക നില പണിയുന്നതിന് 72.28 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

9. **<u>മലബാർ കാൻസർ സെന്റർ</u>**

i. 2011-12 ധനകാര്യ കമ്മീഷനിൽ 6.25 ലക്ഷം രൂപ വിനിയോഗിച്ച് എം.ആർ.സ്കാനർ സ്ഥാപിച്ചു

ii. 2012-13 ധനകാര്യ കമ്മീഷനിൽ 5 കോടി രൂപ റേഡിയോതെറാപ്പി, 4 ഡി സിടി സ്കാനർ വാങ്ങുന്നതിനായി അനുവദിച്ചിട്ടുണ്ട്

iii. 2013-14 ധനകാര്യ കമ്മീഷനിൽ 5 കോടി രൂപ രണ്ടാമത്തെ ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനായി അനുവദിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ താഴെ തട്ടിലെ പ്രോഗ്രാമുകളുടെ നടത്തിപ്പിന്റെ മേൽനോട്ടം ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ അതാത് പ്രോഗ്രാമിന്റ ചുമതലയുള്ള പ്രോഗ്രാം ഓഫീസർമാർ നടത്തിവരുന്നു. സംസ്ഥാന തലത്തിൽ പ്രോഗ്രാമുകളുടെ നടത്തിപ്പിന് ഓരോ പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ മാസവും നടക്കുന്ന മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ ഈ പ്രോഗ്രാമുകളുടെ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ എല്ലാ വകുപ്പ് തലവന്മാരും പദ്ധതികളുടെ പുരോഗതി സ്വയം വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുവരുന്നു. എൻ.ആർ.എച്ച്.എം-ന്റെ പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സംസ്ഥാന കമ്മിറ്റികൾ കൂടാറുണ്ട്. ആരോഗ്യ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള

നിർവാഹക സമിതിയും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഭരണ സമിതിയും പദ്ധതി നിർവഹണം വിലയിരുത്താറുണ്ട്.

Deepu

**സെക്ഷൻ ഓഫീസർ**